# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 146 18.03.2013- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ: എം. ചന്ദ്രൻ : | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കുമോ; | (എ) വിഴിഞ്ഞം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.<br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം പൂർത്തിയാക്കി. ഐ.എഫ്.സി മുഖേന തയ്യാറാക്കിയ റിപ്പോർട്ട് 2013 മാർച്ച് 15 ന് ലഭ്യമായിട്ടുണ്ട്.<br><br>2. പദ്ധതിയുടെ നിർമ്മാണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള (108.50 ഏക്കർ) സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു. വെയർഹൗസിങ്ങിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>3. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി.<br><br>4. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ തുറമുഖ നിർമ്മാണത്തിനുള്ള ഇ.പി.സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ |

വിശദമായ പഠനങ്ങളും
ടെൻഡർ ഡോക്യുമെന്റ്
തയ്യാറാക്കലും പൂർത്തീകരിച്ചു
വരുന്നു.

5. പദ്ധതിയ്ക്ക് ആവശ്യമായ
ധനം സമാഹരിക്കുന്നതിനുള്ള
എല്ലാ നടപടിക്രമങ്ങളും
പൂർത്തീകരിച്ചിട്ടുണ്ട്.
എസ്.ബി.റ്റി നേതൃത്വം നൽകുന്ന
ബാങ്ക് കൺസോർഷ്യം
300കോടി രൂപയും, ഹഡ്കോ
500 കോടി രൂപയും,
ഐ.ഐ.എഫ്.സി.എൽ 200
കോടി രൂപയും ധന സഹായം
നൽകുന്നത് തത്വത്തിൽ
അംഗീകരിച്ചിട്ടുണ്ട്. ഇതിനു
പുറമെ 800 കോടി രൂപയുടെ
സർക്കാർ ബോണ്ട്
പുറപ്പെടുവിക്കുന്നതിനുള്ള
നടപടികൾ
പൂർത്തിയാക്കിയിട്ടുണ്ട്.

6. പദ്ധതിയ്ക്ക് വേണ്ടിയുള്ള
വെള്ളം എത്തിയ്ക്കുന്നതിനുള്ള
പണി പൂർത്തിയായി.

8. പദ്ധതിയ്ക്കുള്ള വൈദ്യുതി.

വിഴിഞ്ഞം - ബാലരാമപുരം
ബന്ധിപ്പിക്കുന്ന 220 കെ.വി
ലൈൻ സ്ഥാപിക്കുന്നതിനുള്ള
ടെൻഡർ കെ.എസ്.ഇ.ബി
ക്ഷണിച്ചിട്ടുണ്ട്.

ബാലരാമപുരം - കാട്ടാക്കട
ബന്ധിപ്പിക്കുന്ന 220 കെ.വി
ലൈൻ സ്ഥാപിക്കുന്നതിനുള്ള
ടെൻഡർ നടപടികൾ
പുരോഗമിക്കുന്നു.

9. **റോഡ്**

600 മീറ്റർ നീളമുള്ള ടെമ്പററി
റോഡിന്റെ 530 മീറ്റർ
പൂർത്തിയായി.

| | | | |
|---|---|---|---|
| | | | പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം എൻ. എച്ച് എ ഐ യുടെ ബൈപ്പാസ് നിർമ്മാണത്തിനു ശേഷം ആരംഭിക്കും.<br><br>10. റെയിൽ<br><br>പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ ആർ.വി.എൻ.എൽ, മോണോ റെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകിയതനുസരിച്ച് പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് റെയിൽവേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തുറമുഖത്തിന്റെ വികസനത്തിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | എങ്കിൽ എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിൽ എത്ര തുക ഇതിനകം ലഭ്യമായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.